ശ്രീ. യു. എസ്. ശശി തുടങ്ങിയ മാർക്സിസ്റ്റു പാർട്ടിയുടെ ജില്ലാ നേതാക്കൻമാരും മറ്റെല്ലാ പാർട്ടികളുടെ നേതാക്കന്മാരും നിരപരാധികളായ ആളുകളെ ഈ കേസിൽ നിന്നും ഒഴിവാക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടു. ഈ കാര്യത്തിൽ അനാവശ്യമായി അറസ്റ്റുചെയ്യപ്പെട്ടവർ യാതൊരു വിധത്തിലും കുറ്റക്കാരല്ലെന്ന് ജനങ്ങൾക്ക് മുഴുവനും പോലീസിനടക്കം ബോധ്യമുള്ളതാണ്. അതോടൊപ്പം അവിടെ പണിയെടുക്കുവാനും ജോലി നഷ്ടപ്പെട്ടവർക്ക് ജോലി പുനഃസ്ഥാപിക്കുവാനും ആവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തൃശ്ശൂർ പാലപ്പിള്ളി പ്രദേശത്ത് സ്ളാട്ടർ ടാപ്പിംഗ് കഴിഞ്ഞ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുന്നതും ലോഡ് ചെയ്യുന്നതും സംബന്ധിച്ച് തൊഴിൽ തർക്കം നിലനിന്നിരുന്നു. മരം മുറിക്കുന്നതിനും അത് ലോഡ് ചെയ്യുന്നതിനും പോലീസ് സംരക്ഷണം നല്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഉത്തരവ് നൽകി. അതാണ് അവിടത്തെ പ്രശ്നം. ഹൈക്കോടതി ഉത്തരവിനെ ഇംപ്ലിമെന്റ് ചെയ്യാൻ പോലീസും ബാധ്യസ്ഥരാണ്. ബാക്കി പറഞ്ഞതെല്ലാം ശരിയായിരിക്കാം. സംരക്ഷണം കൊടുക്കണമെന്ന് ഹൈക്കോടതിയുടെ ഒരു തീരുമാനം ഉണ്ട്. അതു പിൻവലിക്കുവാൻ കേസു കൊടുത്തിട്ടുണ്ട്. അതു തീർന്നിട്ടില്ല. അതു തീരുന്നതിന് മുൻപ് ഇവിടെ പ്രസംഗിച്ചതൊക്കെ ശരിയായിരിക്കാം. വസ്തുതയായിരിക്കാം. പക്ഷെ ഹൈക്കോർട്ടിന്റെ ജഡ്ജ്മെന്റ് പോലീസിനു നടപ്പാക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതു പ്രകാരം 15-3-2000-ത്തിന് ലോഡ് കയറ്റിപ്പോയ ലോറിയെ വേലിപ്പാടം പൗണ്ട് ജംങ്ഷനിൽ വച്ച് തൊഴിലാളികൾ തടഞ്ഞു. കോടതിവിധി ഉടമയ്ക്ക് അനുകൂലമായിട്ടാണ്. തുടർന്ന് ലോറിക്കും, അകമ്പടിപോയ പോലീസ് ജീപ്പിനും നേരെ കല്ലെറുണ്ടായി. അപ്പോൾ അക്രമാസക്തരായ ജനക്കൂട്ടം കല്ലെറിഞ്ഞു. പോലീസ് ജീപ്പ് കത്തിക്കുവാൻ ശ്രമിച്ചു. കല്ലേറിൽ രണ്ട് സർക്കിൾ ഇൻസ്പെക്ടർമാർ ഉൾപ്പെടെ 26 പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്കുപറ്റി. അത് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വരന്തരപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം 36/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് നാലുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ കേസിനുള്ള വിധി അറിഞ്ഞാൽ നമുക്ക് നടപ്പാക്കാം. അത്രയേയുള്ളൂ.

(5) കെ.എൽ.യു. നിയമത്തിലെ അപാകതകൾ

ശ്രീ. ടി. കെ. നൗഷാദ് : സർ, വീടില്ലാത്ത ആളുകളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ നെല്ല് കേരളത്തിൽ ഉൽപാദിപ്പിക്കാൻ കഴിയാത്ത ദൗർഭാഗ്യകരമായ അവസ്ഥ ഇന്ന് നിലനിൽക്കുന്നുണ്ട്. എന്നാൽ ഇതു പരിഹരിക്കുവാൻ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാവി തലമുറയോട് പ്രതിജ്ഞാബന്ധതയുള്ള സർക്കാർ എന്നുള്ള നിലയ്ക്ക് നെൽക്കൃഷി ചെയ്യുവാൻ കഴിയുന്ന മുഴുവൻ സ്ഥലങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്താനും തരിശിട്ടിട്ടുള്ള ആളുകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനും കെ.എൽ.യു. നിയമം കർശനമായി പാലിച്ചു വരുന്നുണ്ട്. എന്നാൽ ഈ നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചുകൊണ്ട് പ്രായോഗികമായ സമീപനം സ്വീകരിക്കാതെ ഒരുകാരണവശാലും കൃഷിചെയ്യുവാൻ കഴിയാത്തതും ജലസേചന സൗകര്യം തീരെ ഇല്ലാത്തതും 10 സെന്റിനു താഴെ മാത്രം ഭൂമിയുള്ളതുമായ ആളുകൾക്ക് വീടു വയ്ക്കുന്നതിനുള്ള അനുമതി നിഷേധിക്കുകയാണ്. പാലക്കാട് ജില്ലയിലെ മുഴുവൻ റിക്കാർഡുകളിലും ഭൂമിയെ നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണം പറഞ്ഞുകൊണ്ട് നാലു വശങ്ങളിലും വീടുകളും റോഡുകളുമുള്ള 10 സെന്റിനു താഴെ ഭൂമിയുള്ള ആളുകൾക്ക് വീടു നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും സ്വന്തമായി വീടില്ലാത്ത ആളുകൾക്ക് ജനകീയാസൂത്രണത്തിലൂടെ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വീടു നിർമ്മിക്കുന്നതിനുള്ള സഹായം ലഭിച്ചിട്ടും അതുപോലെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയവർക്കും അതു ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതി ഇന്ന് നിലനിൽക്കുകയാണ്. ഈ കാര്യങ്ങൾ പരിശോധിച്ച് കൃഷി ചെയ്യുവാൻ കഴിയാത്ത 10 സെന്റിനു താഴെ സ്വന്തമായി സ്ഥലം ഉള്ളവർക്ക് വീട് ഇല്ലാത്തവരാണെങ്കിൽ അവർക്ക് വീടു നിർമ്മിക്കുവാൻ ഇന്നുള്ള തടസ്സം ഒഴിവാക്കിക്കൊണ്ടുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, കെ.എൽ.യു. നിയമം കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പല്ല; കൃഷിവകുപ്പാണ്. ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ട് ഇതിന്റെ മുഴുവൻ കല്ലേറു കൊള്ളുന്നത് ഞാനാണ്. ഇതിൽ തീരുമാനം എടുക്കേണ്ടത് കൃഷിവകുപ്പാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിക്കുന്നത് അതാതു ജില്ലകളിലെ ആർ.ഡി.ഒ. മാരായതുകൊണ്ട് റവന്യൂ വകുപ്പ് എടുക്കുന്ന തീരുമാനത്തിനു വിധേയമായിട്ടാണ് ഇതു കൈകാര്യം ചെയ്യാനുള്ളത് എന്ന ധാരണയിലാണ് അപേക്ഷകൾ വരുന്നതും, പരാതികൾ പറയുന്നതും. അതിൽ തീരുമാനം ആകാത്തതുകൊണ്ട് വിമർശനങ്ങൾ ഏൽക്കേണ്ടി വരുന്നത് എനിക്കാണ്. തെറ്റിദ്ധാരണ മാറ്റാൻ വേണ്ടിയാണ് ഞാൻ പറഞ്ഞത്. സഭയിൽ പറയുമ്പോൾ അത് രേഖയിലുണ്ടാകുമല്ലോ ?

ശ്രീ. ജി. കാർത്തികേയൻ : തെറ്റിദ്ധാരണ മാത്രമാണോ ; പിന്നീട് മാറ്റി പറയരുത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇല്ല, ആ ഏർപ്പാടേയില്ല. പൊതുവേ ഒരു കാര്യത്തിലും ഞങ്ങൾക്കില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ പറഞ്ഞത് വളരെ ഗൗരവമുള്ള വിഷയമാണ്. പാലക്കാട് ജില്ലയിലായതുകൊണ്ട് ഞങ്ങൾക്ക് നേരിട്ട് അറിയാവുന്നതാണ്.

ഡോ. കെ. സി. ജോസഫ് : പാലക്കാട് ജില്ലയിൽ മാത്രമല്ല എല്ലായിടത്തുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ : എല്ലായിടത്തും ഈ പ്രശ്നം ഉണ്ട്. പാലക്കാട് ജില്ലയ്ക്ക് ഒരു പ്രത്യേകതയുണ്ട്. പാലക്കാട് ജില്ല ഒരു കാർഷിക മേഖല എന്നുള്ള നിലയിൽ ആ പ്രദേശങ്ങളിലെ ഭൂമി മുഴുവൻ ദീർഘകാലമായി റിക്കാർഡുകളിൽ നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലം എന്ന് രേഖപ്പെടുത്തിയ മുഴുവൻ സ്ഥലവും കൃഷിഭൂമി എന്ന പരിഗണനയിൽ ഉൾപ്പെടുത്തികൊണ്ട് 1967-ൽ കെ.എൽ.യു. ഓർഡർ നിലവിൽ വന്നതിനെത്തുടർന്ന് ആർക്കുംതന്നെ ഈ ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല എന്ന ഒരു വിലക്ക് നിലനിൽക്കുകയാണ്. ഏറെക്കാലമായിട്ട് കൃഷിചെയ്യാത്തഭൂമിയാണെങ്കിലും അവിടെ വീടുവയ്ക്കാൻ പറ്റുകയില്ല. മറ്റേതെങ്കിലും ആവശ്യങ്ങൾ നിർവഹിക്കുവാൻ നിയമപ്രകാരം സാധ്യമല്ല. പക്ഷെ ധാരാളം ആളുകൾ നിയമ വിധേയമല്ലാതെ പ്രവർത്തിക്കുന്നുണ്ട്. അവർക്കൊക്കെ നോട്ടീസ് അയച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കുറെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. മലപ്പുറം ജില്ലയിലും കുറെ പ്രശ്നങ്ങളുണ്ട്. മലബാർ പ്രദേശത്ത് പൊതുവേ ഉണ്ട്. ഇഷ്ടംപോലെ സ്ഥലം മണ്ണിട്ട് നികത്തുന്നുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതൊന്നും നിയമപ്രകാരമല്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഞാൻ പറയട്ടെ, ആ വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ആ പ്രശ്നങ്ങൾ ഗൗരവമായി ഞങ്ങൾ പരിശോധിച്ചത്. ഗവൺമെന്റിന്റെ അനുമതിയില്ലാതെ അനധികൃതമായി വീടു വയ്ക്കുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടെങ്കിൽ ആര്, എന്ന് കൊടുത്തു എന്നത് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നുനാലു ആർ.ഡി.ഒ.മാരുടെ പേരിൽ നടപടി എടുത്തു അവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അനധികൃതമായി മണ്ണിട്ടുനികത്തി കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ ഒരുകാരണവശാലും പാടില്ല, അത് നിയന്ത്രിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാലും ഇപ്പോഴും പല സ്ഥലങ്ങളിലും അത് നടക്കുന്നുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : ആധാരമാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. കെ. ഇ. ഇസ്മയിൽ : അതുവേറെ രീതിയിൽ ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ഇതുമൂലം സാധാരണക്കാരനാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നതെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ സ്ഥലമുള്ള റിയൽ എസ്റ്റേറ്റുകാരൊക്കെയാണ് പല നിലയിൽ പലരെയും സ്വാധീനിച്ച് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കേസെടുക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. അതു വീണ്ടും കൃഷി ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ മാറ്റണമെന്ന നിർദ്ദേശം കൊടുത്തു ചെയ്യിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ അഞ്ചും പത്തും സെന്റിനു താഴെ ഭൂമിയുള്ളവരും സ്വന്തമായി വീടില്ലാത്തവരുമായ പാവപ്പെട്ട ആളുകൾക്ക് കെ. എൽ. യു ഓർഡർ ഒരു തടസ്സമാണ്. വീടുവയ്ക്കുവാൻ പറ്റുകയില്ല. ഇതൊരു വലിയ പ്രശ്നമാണ്. ത്രിതല പഞ്ചായത്ത്

സംവിധാനം വന്നതിനുശേഷം ഓരോ പഞ്ചായത്തിലെയും വീടില്ലാത്തവർക്ക് ഭവനനിർമ്മാണ സാമ്പത്തിക സഹായം എന്ന നിലയിൽ 50 ലക്ഷവും ഒരു കോടി രൂപയുമൊക്കെ ചില സ്ഥലങ്ങളിൽ നീക്കി വയ്ക്കാറുണ്ട്. പക്ഷേ ഗുണഭോക്താക്കളാകേണ്ടവരുടെ കൈവശമുള്ള ഭൂമി റിക്കാർഡ് പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവർക്ക് കെ.എൽ.യു. നിയമ പ്രകാരമുള്ള സഹായം കിട്ടുന്നില്ല. അതുകൊണ്ട് വീടു നിർമ്മിക്കാൻ കഴിയുന്നില്ല. അങ്ങനെ തുക ലാപ്സ് ആയ അനുഭവങ്ങൾ പല പഞ്ചായത്തുകളിലും ഉണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി ഇത് പരിശോധിച്ചു. ഭൂമി കൈവശം ഉണ്ടായിരിക്കുകയും വീട് ഇല്ലാതിരിക്കുകയും വീടുവയ്ക്കുവാൻ മാത്രമാണ് എന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന കേസുകളിൽ നഗരപ്രദേശങ്ങളിൽ 5 സെന്റും ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും ഭൂമിയിൽ വീടു വയ്ക്കുവാൻ അനുവാദം നൽകാവുന്നതാണ് എന്നുള്ള ഒരു ശുപാർശ സബ്ജക്ട് കമ്മിറ്റി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ റൂൾസിൽ ഭേദഗതി വരുത്തണം. അതിന് കേന്ദ്ര സർക്കാരിന്റെ അനുമതി കൂടി വേണമെന്നാണ് നിയമപരമായിട്ട് പറയുന്നത്. അതുകൊണ്ട് ഉടൻ തന്നെ ചട്ടങ്ങളുടെ കരട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഞാനും കൃഷിവകുപ്പുമന്ത്രിയും സംയുക്തമായി വിളിച്ചു കൂട്ടിയ യോഗത്തിൽ എ.പി.സി., റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പു സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, അഡീഷണൽ സെക്രട്ടറി കൃഷിവകുപ്പ്, അസിസ്റ്റന്റ് കമ്മീഷണർ തുടങ്ങിയവർ പങ്കെടുക്കുകയും ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഇപ്പോൾ ഈ വിഷയത്തിൽപെടുന്ന പൊതുവായ ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെന്നുള്ള നിലയിൽ കാര്യങ്ങൾ നോക്കണം. കെ.എൽ.യു. ഓർഡർ നിലവിൽ വരുന്നത് 1967-ലാണ്. 1967-നു മുൻപ് നിലം നികത്തിയവർ ഇപ്പോൾ നമ്മുടെ മുൻപിൽ കുറ്റക്കാരാണ്. ഇത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എല്ലാവരും ഉന്നയിക്കുന്ന ഒരു വിഷയമാണിത്. 1967-നു മുൻപും അതിനുശേഷവും നിലം നികത്തിയവർക്ക് ഇപ്പോൾ നോട്ടീസ് അയയ്ക്കുന്നുണ്ട്. 1967-നു മുൻപ് കൈവശവകാശം ഉണ്ടായിരുന്നവർക്കും അംഗീകാരം നൽകണമെന്നൊരു ധാരണയിലാണ് ഒരു കമ്മിറ്റിയുണ്ടാക്കിയത്. പല രീതിയിൽ കേസുകൾ നടക്കുകയാണ്. അതിൽ കോടതി പ്രത്യേക തീരുമാനമെടുക്കുകയും കോടതിക്കെതിരായി വിധിക്കുകയും ചെയത കേസുകളൊഴിച്ച് ബാക്കിയെല്ലാം ആർ.ഡി.ഒ.മാർ നേരിട്ട് ഓരോ കേസുകളിലും പരിശോധിച്ച് തീരുമാനമുണ്ടാക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്. ഇനിയുള്ളത്, ഹൈക്കോടതിയുടെ ഡയറക്ഷന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ അർഹതയുള്ളവരാണോ, വീടില്ലാത്തവരാണോ എന്നുനോക്കണം. വീടിനുവേണ്ടി മാത്രമാണെന്നു ബോധ്യമായാൽ അവിടത്തെ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് കൃഷിവകുപ്പിന്റെ അംഗീകാരവും അനുവാദവും വാങ്ങി അഞ്ചു സെന്റിൽ താഴെ ഭൂമിക്ക് അനുവാദം കൊടുക്കണമെന്ന ഒരു ധാരണയാണ് കമ്മിറ്റിയിൽ ഞങ്ങളുണ്ടാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ വീടു വയ്ക്കാൻ മാത്രമാണ് അനുവാദം കൊടുക്കുന്നത്. ഇക്കാര്യം ഒരു താൽക്കാലിക സംവിധാനമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ ആർ.ഡി.ഒ.മാർക്ക് നിർദ്ദേശം കൊടുത്തിട്ടുമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിക്കഴിഞ്ഞാൽ എല്ലാ സ്ഥലത്തും അതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സാധിക്കും. ഇപ്പോൾ താൽക്കാലിക പരിഹാരമെന്ന നിലയിൽ അഞ്ചു സെന്റിൽ താഴെ വീടു വയ്ക്കുന്നതിനുമാത്രം വീടില്ലാത്തവരാണ് എന്നു ഉത്തമ ബോധ്യമായാൽ കൃഷിവകുപ്പിന്റെ അംഗീകാരത്തോടുകൂടി അനുവാദം നൽകണമെന്നൊരു നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്.

(6) എസ്.എസ്.എൽ.സി. പരീക്ഷാദിവസം ഹർത്താൽ നടത്തിയത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അഞ്ചര ലക്ഷത്തോളം വിദ്യാർത്ഥികൾ എഴുതുന്ന ഒരു പരീക്ഷയാണ് എസ്.എസ്.എൽ.സി. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഒരു പരീക്ഷയാണ്. നമ്മുടെ നാടിന്റെ ഭാവി തന്നെ നിർണ്ണയിക്കുന്നതായ ഒരു പരീക്ഷ നടക്കുന്ന സമയത്ത് ഹർത്താൽ ആഹ്വാനം ചെയ്യാൻ തയ്യാറായത് നിരുത്തരവാദപരവും ക്രൂരവുമാണെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങളോടും നാടിനോടും പ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനവും ഇതിനു തയ്യാറാകുകയില്ല. അതിനേക്കാൾ ക്രൂരവും നിരുത്തരവാദപരവുമാണ്, അഞ്ചര ലക്ഷത്തോളം കുട്ടികളേയും ഈ നാടിന്റെ ഭാവിയേയും ഒരു പരീക്ഷണത്തിനു വിട്ടുകൊടുത്ത സംസ്ഥാന സർക്കാരിന്റെ അവസ്ഥ. ഹർത്താൽ നടത്താൻ തീരുമാനിച്ചവർക്കും ആ ഹർത്താലിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഭാവി പന്താടാൻ അവസരം കൊടുത്തതും ഒരുപോലെ ക്രൂരവും നിന്ദ്യവുമാണ്. 20-ാം തീയതി ഹർത്താൽ ആഹ്വാനം ചെയ്യാൻ സംഘടനകൾ തീരുമാനിച്ചു. 20-ാം തീയതി ഹർത്താൽ ആഹ്വാനം ചെയ്തുകൊണ്ട് കേരളത്തിലെ പത്രങ്ങളിലെല്ലാം വാർത്തകൾ വന്നു. ഹർത്താലിനു അനുകൂലമായ സാഹചര്യമൊരുക്കാൻ പല രാഷ്ട്രീയ പ്രസ്ഥാനങ്ങളും രംഗത്തു വന്നു.ഹർത്താലിനോട് അനുഭാവം പ്രകടിപ്പിച്ചില്ലായിരിക്കാം. പക്ഷെ ഹർത്താലിന്റെ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് നാട്ടിലെങ്ങും പ്രകടനങ്ങളും പ്രതിഷേധപ്രകടനങ്ങളും രണ്ട്-മൂന്നു ദിവസമായി നടന്നുകൊണ്ടിരിക്കുകയാണ്. ഭരണകക്ഷിയിലെ സി.പി.ഐ., സിപി.എം. അടക്കമുള്ള സംഘടനകൾ രണ്ടുമൂന്നു ദിവസമായി ഹർത്താലിനനുകൂലമായി കേരളവ്യാപകമായി, ഹർത്താലിന്റെ മുദ്രാവാക്യത്തിന് അനുകൂലമായി പ്രകടനങ്ങൾ നടത്തുന്നുണ്ട്. സംഭവിച്ചതെന്താണ് ? അഞ്ചര ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾ എഴുതുന്ന പരീക്ഷയിൽ സർക്കാരിന്റെ കണക്കനുസരിച്ച് 111 പേർ പരീക്ഷ എഴുതിയിട്ടില്ല. ഇന്നത്തെ പത്രങ്ങളിലെല്ലാം അത് എഴുതിയിരിക്കുകയാണ്. ഇൻഡ്യൻ എക്സ്പ്രസിൽ ഒരു വാർത്തയുണ്ട്. In Vatakara education district alone, as many as 166 students could not attend the examination. ഒരു വിദ്യാഭ്യാസ ജില്ലയിലെ കണക്കാണിത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ പരീക്ഷ എഴുതിയില്ല. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോഴുണ്ടാകുന്ന ടെൻഷൻ നമുക്കെല്ലാം അറിയാവുന്നതാണ്. കുട്ടികളും രക്ഷകർത്താക്കളും വലിയ മാനസിക ബുദ്ധിമുട്ടനുഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly